**പതിനഞ്ചാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *30**

**05.12.2022 ൽ മറുപടിക്ക്**

# പോലീസിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. എം. എസ്. അരുൺ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനങ്ങളിൽ മൂന്നാംമുറ ഉൾപ്പെടെയുള്ള പ്രവണതകൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം കരാറുകാർക്ക് നൽകിയിട്ടുണ്ട്. |
| ബി) പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും | ബി) 2022-23 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതമായി പോലീസിന്റെ ആധുനിക |

നവീകരിക്കുന്നതിനുമായി മറ്റ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ?

വത്കരണത്തിന് 152.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ കാലയളവിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മേൽപ്പറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി) വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ്, മലപ്പുറം സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ, ബേക്കൽ സബ് ഡിവിഷൻ, വയനാട് സുൽത്താൻ ബത്തേരി സബ് ഡിവിഷനും കോട്ടയം ചങ്ങനാശ്ശേരി സബ് ഡിവിഷനും കൊട്ടാരക്കര വനിതാ സെൽ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിച്ചിട്ടുണ്ട്.

സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും

സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ റൂറൽ ജില്ലയിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രം, ജില്ലാ പോലീസ് ഓഫീസ്, കൺട്രോൾ റൂം എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികൾ ലഭ്യമാക്കി വരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പ്രോജക്റ്റ് നടപ്പിലാക്കി

യിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതു ജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ പോലീസ് സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ "തുണ" സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകി വരുന്നു.

എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR) കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ) പോലീസ് ജില്ലകളിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 520 പോലീസ്

സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി ക്യാമറകളും അതിന്റെ ജില്ല/ സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ട്രാഫിക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള Kerala Anti Narcotic Special Action Force (KANSAF) നു വേണ്ടി 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral Fluid) എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV), മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 10 LMV, ബറ്റാലിയനുകൾക്കായി 30 LMV യും 9 ഹെവി ബസ്സുകളും, ജില്ലകൾക്കായി 06 മീഡിയം ബസ്സുകൾ, 02 ഓപ്പൺ ലോറി, 01 ആംബുലൻസ്, 02 വാട്ടർ ടാങ്കർ, 69 Two wheeler, Finger

Printer ന് 22 LMV എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നിലവിൽ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ വ്യത്യസ്തങ്ങളായ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ ഒരേ കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ പല സോഫ്റ്റ് വെയറുകളിലായി നിരവധി തവണ രേഖപ്പെടുത്തേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി പ്രസ്തുത സോഫ്റ്റ് വെയറുകളെ എല്ലാം ഒരു പൊതുവായ സോഫ്റ്റ് വെയറിൻ കീഴിൽ കൊണ്ടുവന്ന് 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ജിഡി റെക്കോർഡിങ്ങ്, എഫ്.ഐ.ആർ രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ